**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5501** **13-08-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ ആരോഗ്യപരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ആദിവാസി മേഖലയിലെ ശിശുമരണം തടയുന്നതിനും ആദിവാസികളായ ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനത്തിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ; | (എ) | ഉണ്ട്. ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ വികസന വകുപ്പ് നേരിട്ടും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. ജനനീ-ജന്മരക്ഷാ പദ്ധതി കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം. ഭക്ഷ്യ സഹായ പദ്ധതി, ഓണക്കിറ്റ് വിതരണം എന്നിവ നടപ്പിലാക്കുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. പ്രതിമാസകുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ - അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരക രോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ആശുപത്രിയിൽ നടത്തിവരുന്നു. പോഷകാഹാരകുറവുള്ള ഗർഭിണികളേയും, കുട്ടികളേയും കണ്ടെത്തുകയും ചികിത്സിക്കുകയും ചെയ്യുന്നു. മുലയൂട്ടൽ അപകട രഹിതമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാനും, ഗർഭിണികളുടെ രക്തസമ്മർദം, ഷുഗർ എന്നിവ പരിശോധിക്കുവാനും ഓരോ പഞ്ചായത്തിലും (അഗളി, പുതൂർ, ഷോളയൂർ) ANM/GNM യോഗ്യതയുള്ള പട്ടികവർഗ്ഗക്കാരായ യുവതീ യുവാക്കളെ ഫീൽഡ് നഴ്സുമാരായി നിയമിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന |

| | | | |
|---|---|---|---|
| | വിലയിരുത്തിയിട്ടുണ്ടോ; | | പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. പദ്ധതി നടത്തിപ്പിന്റെ നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. |
| (സി) | ഈ പദ്ധതികൾ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കാനുള്ള വ്യവസ്ഥകൾ ആവിഷ്കരിക്കുമോ? | (സി) | പ്രസ്തുത പദ്ധതികൾ നിലവിൽ കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ